**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612** **28-01-2026 - ൽ മറുപടിയ്ക്ക്**

**പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ? | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലം ലീസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് Parathode Agventure എന്ന പേരിൽ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പാറത്തോട് സർവ്വീസ് സഹകരണ ബാങ്ക് (നമ്പർ 3002) -മായി ധാരണയിൽ എത്തുകയും, പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിനായി ബാങ്കും സംഘവും തമ്മിലുള്ള ലീസ് എഗ്രിമെന്റ് 29/04/2025 ൽ ബാങ്ക് ആവശ്യപ്പെട്ട പ്രകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി എസ്റ്റേറ്റിലേക്കുള്ള പ്രവേശനപാതയുടെ വീതി കൂട്ടുന്നതിനാവശ്യമായ 10.15 ആർ ഭൂമി LARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുക അടയ്ക്കുന്നത് സംബന്ധിച്ചോ, ലീസ് എഗ്രിമെന്റ് ഒപ്പിടുന്നത് സംബന്ധിച്ചോ, ബാങ്ക് അധികൃതർ വ്യക്തമായ തീരുമാനം ഇതുവരെ സംഘത്തെ അറിയിച്ചിട്ടില്ല. സംഘം നേരിട്ട് 4.5 കോടി രൂപ മുടക്കി ടി മിനി എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് സാമ്പത്തിക സൗകര്യം നിലവിലില്ല. പ്രവേശനപാതയുടെ വീതികൂട്ടി എസ്റ്റേറ്റ് നിർമ്മാണം ഏറ്റെടുക്കുന്നതിന് ഭരണസമിതി സർക്കാരിനെ സമീപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ